**66/26-M**

**ചോദ്യ പുസ്തക ക്രമനമ്പർ**

**ചോദ്യപുസ്തക അക്ഷരകോഡ്**

**A**

A

| **ചോദ്യങ്ങളുടെ ആകെ എണ്ണം : 100** | **സമയം : 75 മിനിട്ട്** |
|---|---|
| **പരമാവധി മാർക്ക് : 100** | |

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യപുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യപുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യപുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യപുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യപുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യപുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യപുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യപുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ഇന്ത്യയിലെ ആദ്യത്തെ സ്പോർട്ട്സ് മ്യൂസിയം സ്ഥിതി ചെയ്യുന്നതെവിടെ ?
   A) കൊച്ചി
   B) കൊൽക്കത്ത
   C) ചെന്നൈ
   D) ഹൈദരാബാദ്

2. തൃശ്ശൂർ നഗരത്തിന്റെ ശില്പി എന്നറിയപ്പെടുന്ന ഭരണാധികാരി ആരായിരുന്നു ?
   A) വീരകേരളവർമ്മ
   B) കേശവരാമവർമ്മ
   C) രാമവർമ്മ ശക്തൻ തമ്പുരാൻ
   D) മാർത്താണ്ഡവർമ്മ

3. ലോഹങ്ങളുടെ രാജാവ്
   A) സ്വർണ്ണം
   B) വെള്ളി
   C) മെർക്കുറി
   D) പ്ലാറ്റിനം

4. ഇന്ത്യയിലെ ആദ്യത്തെ ദേശിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്&ഡിജിറ്റൽ വാട്ടർ ഉച്ചകോടി-2026 നടന്നതെവിടെ ?
   A) ബംഗളൂരു
   B) ന്യൂഡൽഹി
   C) ഗോവ
   D) അഹമ്മദാബാദ്

5. 2025-ലെ ഓടക്കുഴൽ പുരസ്കാരത്തിന് അർഹനായത് ആര് ?
   A) കെ. ആർ. മീര
   B) പ്രഭാവർമ
   C) എം. കെ. സാനു
   D) ഇ. പി. രാജഗോപാൽ

6. കേരള സർക്കാരിന്റെ പരമോന്നത കായിക ബഹുമതി ഏതാണ് ?
   A) വള്ളത്തോൾ അവാർഡ്
   B) ജി. വി. രാജ അവാർഡ്
   C) ഇന്ദിരഗാന്ധി ഗോൾഡ് കപ്പ്
   D) സന്തോഷ് ട്രോഫി

7. പതിനാറാം കേരള നിയമസഭ തിരഞ്ഞെടുപ്പ് നടന്നതെന്ന് ?
   A) 2026 ഏപ്രിൽ 8
   B) 2026 ഏപ്രിൽ 9
   C) 2026 ഏപ്രിൽ 10
   D) 2026 ഏപ്രിൽ 11

8. രണ്ടാം ബുദ്ധൻ എന്ന വിശേഷണമുള്ള സാമൂഹ്യപരിഷ്കർത്താവ്
   A) അയ്യങ്കാളി
   B) ചട്ടമ്പിസ്വാമികൾ
   C) നടരാജഗുരു
   D) ശ്രീനാരായണഗുരു

9. ‘പ്രാചീന മലയാളം’ ആരുടെ രചനയാണ് ?
   A) ചട്ടമ്പിസ്വാമികൾ
   B) സ്വാമി വിവേകാനന്ദൻ
   C) പണ്ഡിറ്റ് കെ. പി. കറുപ്പൻ
   D) മലയാറ്റൂർ രാമകൃഷ്ണൻ

10. രാഷ്ട്രപതി ദ്രൗപതി മുർമു ഏതു സംസ്ഥാനത്തു നിന്നുള്ള വ്യക്തിയാണ് ?
    A) മണിപ്പൂർ B) മേഘാലയ C) മിസോറാം D) ഒഡിഷ

11. 'മോളാസിസ് തടം' എന്ന് അറിയപ്പെടുന്ന ഇന്ത്യയിലെ സംസ്ഥാനം
    A) മണിപ്പൂർ B) മിസോറാം C) മേഘാലയ D) നാഗാലാന്റ്

12. ഇന്ത്യയിലെ ഏറ്റവും വലിയ തുരങ്ക റയിൽ പാത
    A) കൊങ്കൺ പാത
    B) സൻഗാൻഡൻ പാത
    C) പീർ പഞ്ചൽ പാത
    D) മാലി ഗുഡ പാത

13. ഇന്ത്യയിലെ വാതോർജ്ജ നിലയം
    A) ലംബ B) മണികരൺ C) കാകര പാർ D) ഓഖ്ല

14. ഹിമാലയത്തിലെ ലവണജല തടാകം
    A) ദാൽ B) ലോണാർ C) വൂളാർ D) രാകാസ്

15. പ്രാചീനകാലത്ത് ബംഗാളിലെ സോനാർ താഴ്വരയെയും സിന്ധുതാഴ്വരയെയും ബന്ധിപ്പിച്ചിരുന്ന പാത
    A) ഷാഹി പാത
    B) മുഗൾ പാത
    C) ജഹാനാരാ പാത
    D) ശൂർകി പാത

16. എണ്ണപ്പാടം അടിസ്ഥാനമാക്കിയുള്ള ഇന്ത്യയിലെ എണ്ണ ശുദ്ധീകരണശാല
    A) മതുര B) ദിഗ്ബോയ് C) ബറൌണി D) പാണിപഠ്

17. ഝലം നദി വക്രവലയങ്ങൾ രൂപപ്പെടുത്തുന്നതിന് കാരണമായി ഭവിച്ച തടാകം ഏതാണ് ?
    A) വൂളാർ B) താർസാർ C) ദാൽ D) മാർസാർ

18. 'സമാധാനത്തിന്റെ പാലം' എന്നറിയപ്പെടുന്നത്
    A) രാം സേതു
    B) അട്ടൽ സേതു
    C) സുദർശൻ സേതു
    D) അമാൻ സേതു

19. പഞ്ചപ്രയാഗ് സ്ഥിതി ചെയ്യുന്നത്
    A) കാശ്മീർ ഹിമാലയം
    B) ഉത്തരാഖണ്ഡ് ഹിമാലയം
    C) ഡാർജലിങ് ഹിമാലയം
    D) അരുണാചൽ ഹിമാലയം

20. ഇന്ത്യയിൽ യുറേനിയം നിക്ഷേപം കാണപ്പെടുന്നത്
    A) ഗോണ്ട്വാന ശിലകൾ
    B) ടെർഷ്യറി ശിലകൾ
    C) ധാർവാർ ശിലകൾ
    D) ലാറ്ററൈറ്റ് ശിലകൾ

21. ഏത് സത്യാഗ്രഹത്തിന്റെ പ്രചാരണ സമയത്താണ് നേതാവ് എന്നർത്ഥമുള്ള സർദാർ എന്ന വിളിപ്പേര് വല്ലഭായ്പട്ടേലിന് ലഭിച്ചത് ?

A) ദണ്ഡി സത്യാഗ്രഹം
B) ഖേദ സത്യാഗ്രഹം
C) ബർദ്ദോളി സത്യാഗ്രഹം
D) ചമ്പാരൻ സത്യാഗ്രഹം

22. ചപ്പാത്തി പ്രസ്ഥാനം സ്വാതന്ത്ര്യസമരത്തിലെ ഏത് സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ക്വിറ്റ് ഇന്ത്യാസമരം
B) ഒന്നാം സ്വാതന്ത്ര്യ സമരം
C) ഗുരുവായൂർ സത്യാഗ്രഹം
D) മലബാർ കലാപം

23. ഡോ. കെ. എൻ. രാജുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/കൾ ഏത് ?

i. പ്ലാനിങ്ങ് കമ്മീഷൻ ചെയർമാൻ.
ii. റിസർവ്വ് ബാങ്ക് ഗവർണർ.
iii. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സ്ഥാപകൻ.
iv. 'ഓർഗനൈസേഷണൽ ഇഷ്യൂസ് ഇൻ ഇന്ത്യൻ അഗ്രികൾച്ചർ' രചിച്ചു.

A) i, iii
B) ii, iv
C) iii, iv
D) i, ii

24. ക്വിറ്റ് ഇന്ത്യാ സമരനായിക എന്നറിയപ്പെട്ടതാര് ?

A) താരാറാണി ശ്രീവാസ്തവ
B) അരുണാ ആസഫലി
C) മാതംഗി ഹസ്റ
D) സരോജിനി നായിഡു

25. ബോംബെ പ്ലാനുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന/കൾ ഏത് ?

i. വ്യവസായികളും സംരഭകരും ആസൂത്രണത്തിനെതിരായിരുന്നു.
ii. വ്യാവസായികവും സാമ്പത്തികവുമായ നിക്ഷേപങ്ങളിൽ രാഷ്ട്രം മുൻകൈ എടുക്കണമെന്ന ആവശ്യമുന്നയിച്ചു.
iii. ആഗോളമൂലധന നിക്ഷേപത്തിനായി വാദിച്ചു.
iv. ആസൂത്രിത സമ്പദ്വ്യവസ്ഥക്കുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി.

A) ii, iv
B) i, iii
C) iii, iv
D) i, ii

26. ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകരിച്ച ഐ. എൻ. എ. സംരക്ഷണ സമിതിയിൽ അംഗമല്ലാതിരുന്നതാര് ?

A) ആസഫ് അലി
B) ക്യാപ്റ്റൻ ലക്ഷ്മി
C) തേജ് ബഹാദൂർ സപ്രു
D) നെഹ്റു

27. സ്വതന്ത്ര ഭാരതത്തിലെ ആദ്യ മന്ത്രിസഭയിൽ വാർത്താവിനിമയ വകുപ്പ് മന്ത്രി ആരായിരുന്നു ?

A) രാജ്കുമാരി അമൃത് കൗർ
B) മൗലാനാ അബ്ദുൾകലാം ആസാദ്
C) റാഫി അഹമ്മദ് കിദ്വായി
D) ജഗ്ജീവൻ റാം

28. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനെ ഇന്ത്യയുടെ കേന്ദ്ര നേതൃത്വം ആദ്യം അംഗീകരിക്കാത്തതിന് കാരണമെന്ത് ?

i. ജനാധിപത്യം സംരക്ഷിക്കാൻ.
ii. വിഘടനവാദ ഭീഷണി ഇല്ലാതാക്കാൻ.
iii. രാജ്യത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കാൻ.
iv. ആഭ്യന്തര സ്വയംഭരണം ഉറപ്പാക്കാൻ.

A) i, iv
B) i, ii
C) iii, iv
D) ii, iii

29. 1939-ൽ നടന്ന അഖിലേന്ത്യാ നാട്ടുരാജ്യപ്രജാ സമ്മേളനവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന/കൾ ഏത് ?

i. ഇന്ത്യയുടെ ഐക്യമെന്ന സങ്കല്പത്തിന് കരുത്തേകി.
ii. പൗരാവകാശങ്ങൾ നാട്ടുരാജ്യങ്ങളിലെ പ്രജകൾക്ക് നൽകണമെന്ന് വാദിച്ചു.
iii. നാട്ടുരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു.
iv. നാട്ടുരാജാക്കന്മാരുടെ കൂട്ടായ്മ നിലവിൽ വന്നു.

A) i, ii
B) i, iv
C) iii, iv
D) i, iii

30. താഴെപ്പറയുന്നവരിൽ കേന്ദ്രീകൃത ആസൂത്രണത്തിന്റെ വിമർശകനായിരുന്ന വ്യക്തിയാര് ?

A) ജവഹർലാൽ നെഹ്റു
B) കെ. എൻ. രാജ്
C) എം. വിശ്വേശ്വരയ്യ
D) സി. രാജഗോപാലാചാരി

31. 'ചൂഷണത്തിൽ നിന്നും മോചനം നേടാനുള്ള അവകാശങ്ങൾ' – ഇതുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന എഴുതുക.

i. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ താത്പര്യം സംരക്ഷിക്കുന്നു.
ii. സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകം സംരക്ഷണം ഉറപ്പാക്കുന്നു.
iii. മൗലികാവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നു.
iv. അടിമത്തം, തക്കതായ പ്രതിഫലം നൽകാതെ നിർബന്ധിച്ച് ജോലി ചെയ്യിക്കൽ എന്നിവ നിരോധിക്കപ്പെട്ടിരിക്കുന്നു.

A) i, ii
B) ii, iii
C) i, iii, iv
D) ii, iv

32. ഇന്ത്യയുടെ ഭരണഘടനപ്രകാരം ഓരോ ഇന്ത്യൻ പൗരന്റെയും മൗലിക കർത്തവ്യങ്ങളിൽ ഉൾപ്പെടുന്നവ തിരഞ്ഞെടുത്ത് എഴുതുക.

i. ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക.

ii. നമ്മുടെ സംസ്കാര സമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിർത്തുകയും ചെയ്യുക.

iii. ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക.

iv. പൊതുസ്വത്ത് സംരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക.

A) i, ii B) i, iii C) ii, iv D) i, ii, iii, iv

33. ഭരണഘടനയുടെ ഭാഗം IVA പ്രതിപാദിക്കുന്നത് എന്തിനെക്കുറിച്ചാണ് ?

i. മൗലികാവകാശങ്ങൾ

ii. നിർദ്ദേശകതത്വങ്ങൾ

iii. മൗലിക കർത്തവ്യങ്ങൾ

iv. റിട്ടുകൾ

A) i, ii B) iii C) ii D) ii, iv

34. ''വാദിക്കാനും ജയിക്കാനുമല്ല അറിയാനും അറിയിക്കാനുമാണ്'' എന്ന പ്രഖ്യാപനത്തോടെ ശ്രീനാരായണഗുരു സർവ്വമത സമ്മേളനം വിളിച്ചു ചേർത്തത് എവിടെ വച്ചാണ് ?

A) വർക്കല B) അരുവിപ്പുറം C) ആലുവ D) വൈക്കം

35. ആത്മവിദ്യാസംഘം സ്ഥാപിച്ചത് ആര് ?

A) വൈകുണ്ഠസ്വാമികൾ B) വി. ടി. ഭട്ടതിരിപ്പാട്

C) പണ്ഡിറ്റ് കെ. പി. കറുപ്പൻ D) വാഗ്ഭടാനന്ദൻ

36. അന്തർദേശീയ തലത്തിൽ പ്രശസ്തിനേടിയ മനുഷ്യാവകാശ സംഘടനകളിൽ ഉൾപ്പെടാത്തത് ഏത് ?

i. ആംനസ്റ്റി ഇന്റർനാഷണൽ ii. ഹ്യൂമൻ റൈറ്റ്സ് വാച്ച്

iii. സിറ്റിസൺ ഫോർ ഡെമോക്രസി iv. ഗ്ലോബൽ വാച്ച്

A) iii B) ii, iii C) i D) i, iv

37. വിവരാവകാശകമ്മീഷനുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവന ഏത് ?

i. രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമ്മാണത്തിലേക്ക് നയിച്ചത്.

ii. പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്ന പക്ഷം പൗരന്മാർക്ക് ലഭ്യമാക്കുന്നു.

iii. കോടതി പരിഗണനയിലുള്ള വിവരങ്ങൾ, വ്യക്തികളുടെ ജീവനും സുരക്ഷയ്ക്കും ഭീക്ഷണിയാകുന്ന വിവരങ്ങൾ എന്നിവ വെളിപ്പെടുത്തുന്നു.

iv. ഉദ്യോഗസ്ഥർ തെറ്റായതോ തൃപ്തികരമല്ലാത്തതോ ആയ വിവരങ്ങൾ നൽകിയെന്ന് കമ്മീഷന് ബോധ്യപ്പെട്ടാൽ വിവരങ്ങൾ നൽകുന്നത് വരെ ഉദ്യോഗസ്ഥനിൽ നിന്ന് 150 രൂപ വീതം പിഴ ശിക്ഷ ചുമത്താവുന്നതാണ്.

A) i, iii B) ii, iii C) iii, iv D) i, ii, iii, iv

38. മനുഷ്യാവകാശകമ്മീഷന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്നത് ഏതെല്ലാം ?

i. തടവറകളിലെ അതിക്രമം തടയൽ.

ii. വനിതകളുടെയും കുട്ടികളുടെയും അവകാശ സംരക്ഷണം.

iii. ഭരണനിർവ്വഹണരംഗത്തെ പരിഷ്കരണങ്ങൾ.

iv. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യാവകാശ നിഷേധങ്ങൾ ഇല്ലാതാക്കൽ.

A) i, ii, iv B) iii, iv C) i, iii D) i, ii, iii, iv

39. ഭരണഘടനാനിർമ്മാണസഭ ഔദ്യോഗികമായി ഇന്ത്യയുടെ ദേശീയ പതാക അംഗീകരിച്ച ദിവസം ഏത് ?

A) 1947 ആഗസ്റ്റ് 15 B) 1950 ജനുവരി 26

C) 1947 ജൂലൈ 22 D) 1949 നവംബർ 26

40. സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ

A) വി. ഹരി നായർ B) സിബി മാത്യൂസ്

C) വിൻസൺ എം. പോൾ D) വിശ്വാസ് മേത്ത

41. കേരളത്തിലെ ആദ്യത്തെ ഇക്കോ-ടൂറിസ്റ്റ് കേന്ദ്രം

A) പൊൻമുടി B) തെന്മല C) ആനമുടി D) അടവി

42. തട്ടേക്കാട് പക്ഷിസങ്കേതം ഇതിൽ എവിടെയാണ് ?

A) ഇടുക്കി B) എറണാകുളം C) കൊല്ലം D) ആലപ്പുഴ

43. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി

A) ഭാരതപ്പുഴ B) പെരിയാർ C) പമ്പ D) ചാലിയാർ

44. അഞ്ചുവണ്ണം എന്നാൽ എന്ത് ?

A) പെരുമാറ്റച്ചട്ടം B) നഗരങ്ങൾ

C) വാണിജ്യസംഘം D) സ്വരൂപങ്ങൾ

45. മലയാള സിനിമയുടെ പിതാവ് എന്ന് വിശേഷിപ്പിക്കുന്നത് ഇവരിൽ ആരെ ?

A) അരവിന്ദൻ B) രാമു കാര്യാട്ട്

C) കുഞ്ചാക്കോ D) ജെ. സി. ഡാനിയേൽ

46. കേരളത്തിന്റെ ഔദ്യോഗിക പുഷ്പം

A) കണിക്കൊന്ന B) താമര C) ചെമ്പരത്തി D) അരളി

47. പ്രാചീന തുറമുഖമായ മുസിരിസ്സ് ഇതിൽ ഏത് സ്ഥലമാണ് ?

A) പൊന്നാനി B) കൊടുങ്ങല്ലൂർ C) കൊല്ലം D) വർക്കല

48. തമിഴ്നാടിനെ കേരളവുമായി ബന്ധിപ്പിക്കുന്ന ചുരം

A) താമരശ്ശേരി B) കുമളി C) പാലക്കാട് D) പേരമ്പാടി

49. അസ്സാമിൽ നടന്ന 79-ാം സന്തോഷ് ട്രോഫി കിരീടം നേടിയത്

A) കേരളം B) സർവീസസ് C) ബംഗാൾ D) പഞ്ചാബ്

50. കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി

A) ഇടുക്കി B) ഇടമലയാർ

C) പള്ളിവാസൽ D) പേപ്പാറ

51. സാധുജന പരിപാലന സംഘത്തിന്റെ സ്ഥാപകൻ ആര് ?

A) വൈകുണ്ഠ സ്വാമികൾ B) ടി. കെ. മാധവൻ

C) അയ്യങ്കാളി D) കെ. കേളപ്പൻ

52. ''ആഴമേറും നിൻ മഹസ്സാ-മാഴിയിൽ ഞങ്ങളാകവേ ആഴണം
വാഴണം നിത്യം വാഴണം വാഴണം സുഖം'' – ഇത് ഏതിലെ വരികളാണ് ?

A) ആത്മോപദേശ ശതകം B) ദൈവദശകം

C) ദർശന മാല D) ശിവ ശതകം

53. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി ഏത് ?

A) വി. ടി. ഭട്ടതിരിപ്പാട് – പ്രത്യക്ഷരക്ഷാ ദൈവസഭ

B) കുമാര ഗുരുദേവൻ – അരയസമാജം

C) ചട്ടമ്പിസ്വാമികൾ – വേദാധികാരനിരൂപണം

D) പണ്ഡിറ്റ് കെ. പി. കറുപ്പൻ – അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്

54. സാമൂഹ്യ പരിഷ്കർത്താവായ ശ്രീനാരായണഗുരുവിനെ കുറിച്ചുള്ള തെറ്റായ പ്രസ്താവനകൾ

i. 1888 അരുവിപ്പുറത്ത് ശിവ പ്രതിഷ്ഠ നടത്തി.

ii. ശ്രീനാരായണഗുരുവിന്റെ പ്രസിദ്ധീകരണങ്ങൾ പ്രാചീന മലയാളം, ആദി ഭാഷ.

iii. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന പ്രസിദ്ധ വാക്യം ഉയർത്തി.

iv. സമത്വ സമാജത്തിന്റെ സ്ഥാപകൻ ശ്രീനാരായണഗുരുവാണ്.

A) i, iii B) ii, iii C) i, ii D) ii, iv

55. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത ജനകീയ ചെറുത്തുനിൽപ്പ് കലാപം ഏത് ?

A) അഞ്ചുതെങ്ങ് കലാപം B) കുറിച്ച്യ കലാപം

C) ആറ്റിങ്ങൽ കലാപം D) മാപ്പിള കലാപം

56. കുളച്ചൽ യുദ്ധത്തിനുശേഷം തിരുവിതാംകൂർ സൈന്യത്തിന്റെ വലിയ കപ്പിത്താനായി മാറിയത് ആര് ?

A) ഡിലനോയ് B) പഴശ്ശിരാജ

C) വേലുത്തമ്പി D) പാലിയത്തച്ചൻ

57. ഇന്ത്യയിലെ പല ഭാഗങ്ങളിൽ നടന്ന ഗോത്രവർഗ്ഗ കലാപങ്ങളിൽ പെടാത്തത്

A) പഹാരിയ കലാപം B) മാപ്പിള കലാപം

C) സന്താൾ കലാപം D) കോൾ കലാപം

58. പഴശ്ശി കലാപത്തിന്റെ പ്രധാന കാരണങ്ങളിൽ പെടുന്ന പ്രസ്താവന ഏത് ?

i. ബ്രിട്ടീഷുകാരുടെ തെറ്റായ നികുതി നയം.

ii. ബ്രിട്ടീഷുകാരുടെ പണമായുള്ള നികുതി പരിവ്.

iii. വയനാട് കയ്യടക്കാനുള്ള ബ്രിട്ടീഷുകാരുടെ നീക്കം.

iv. ബ്രിട്ടീഷുകാർ പഴശ്ശി രാജാവിന് കോട്ടയം പ്രദേശം പാട്ടത്തിന് നൽകിയത്.

A) i, iii B) i, iv C) ii, iv D) iii, iv

59. താഴെ തന്നിരിക്കുന്നവയിൽ പരസ്പര ബന്ധമില്ലാത്തത്
   i. മാവിലത്തോട് – വേലുത്തമ്പി ദളവ
   ii. മണ്ണടി – പഴശ്ശിരാജ
   iii. ക്വിറ്റ്ഇന്ത്യ – കീഴരിയൂർ ബോംബ് കേസ്
   iv. മാപ്പിള ലഹള – കാർഷിക മുന്നേറ്റം
   A) i, iii B) iii, iv C) ii, iv D) i, ii

60. താഴെക്കൊടുത്തിരിക്കുന്ന സംഭവങ്ങളുടെ ശരിയായ കാലഗണന ക്രമം
   i. മൊറാഴ സമരം
   ii. കുണ്ടറ വിളംബരം
   iii. പൂക്കോട്ടൂർ കലാപം
   iv. കുറിച്ച്യ കലാപം
   A) i, ii, iv, iii B) ii, iv, iii, i C) iv, ii, i, iii D) iii, iv, i, ii

61. ''കണ്ടൽകാടുകൾക്കിടയിൽ എന്റെ ജീവിതം'' ആരുടെ ആത്മകഥയാണ് ?
   A) മുരുകേശൻ ടി. പി. B) കല്ലേൻ പൊക്കുടൻ
   C) ഡോ. സി. രാധാകൃഷ്ണൻ D) ആനന്ദൻ പൈതലൻ

62. മനുഷ്യ ശരീരത്തിൽ ഏതു ഹോർമോണിന്റെ ഏറ്റക്കുറച്ചിലുകളാണ് ദൈനംദിന ഉറക്കത്തെയും ഉണരലിനെയും സ്വാധീനിക്കുന്നത് ?
   A) കോർട്ടിസോൾ B) പാരാതെർമോൺ
   C) മെലാടോണിൻ D) എപ്പിനെഫ്രിൻ

63. "DOTS" ഏത് രോഗത്തിന്റെ ചികിത്സാ രീതിയാണ് ?
   A) എലിപ്പനി B) AIDS C) ക്ഷയം D) കോളറ

64. രോഗങ്ങളെ പറ്റി പഠിക്കാൻ ലാബിൽ വളർത്തുന്ന ചെറുതും ത്രിമാന രൂപത്തിലുള്ള ടിഷ്യൂ മാതൃകകളാണ്
   A) മൈക്രോ ഓർഗൻ B) വിത്തു കോശം
   C) സ്ഫിറോയിഡ് D) ഓർഗനോയിഡ്

65. മലിനമായ മണ്ണ്, ജലം, വായു തുടങ്ങിയ ചുറ്റുപാടുകളിൽ നിന്ന് മാലിന്യങ്ങൾ നീക്കം ചെയ്യാൻ സൂക്ഷ്മാണുക്കളെയും സസ്യങ്ങളെയും ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഏതാണ് ?
   A) ബയോ ടെക്നോളജി B) ബയോ വെന്റിംഗ്
   C) ബയോ സ്പാർജിംഗ് D) ബയോ റെമഡിയേഷൻ

66. ''ഭാഗ്യലക്ഷ്മി'' ഏത് സസ്യത്തിന്റെ സങ്കരയിനമാണ് ?
   A) വെണ്ട B) പയർ C) നെല്ല് D) തെങ്ങ്

67. വായു മലിനീകരണം അളക്കുന്നതിനും അന്തരീക്ഷത്തിലെ സൾഫർ ഡയോക്സൈഡിന്റെ സാന്നിധ്യം തിരിച്ചറിയുന്നതിനും സഹായിക്കുന്ന പ്രകൃതി ദത്ത സൂചകങ്ങൾ ഏതാണ് ?

A) ലൈക്കനുകൾ

B) ആൽഗകൾ

C) ഫേണുകൾ

D) പൂപ്പലുകൾ

68. താഴെ നൽകിയിരിക്കുന്ന പ്രസ്താവനയും അതിനുള്ള കാരണവും ശ്രദ്ധാപൂർവ്വം വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

A) പ്രസ്താവന : മികച്ചയിനം വിത്തുകൾ ഉല്പാദിപ്പിക്കുന്നതിനായി ശാസ്ത്രജ്ഞരും കർഷകരും കൃത്രിമ പരാഗണം നടത്താറുണ്ട്.

R) കാരണം : ആൺപൂവിലെ പരാഗ രേണുക്കൾ അനുയോജ്യമായ പെൺപൂവിന്റെ തന്തുകത്തിൽ (Filament) വീഴുമ്പോഴാണ് മികച്ച ഫലങ്ങൾ ഉണ്ടാകുന്നത്.

A) A യും R ഉം ശരിയാണ്, R എന്നത് A യുടെ ശരിയായ വിശദീകരണമാണ്

B) A യും R ഉം ശരിയാണ്, എന്നാൽ R എന്നത് A യുടെ ശരിയായ വിശദീകരണമല്ല

C) A ശരിയാണ്, R തെറ്റാണ്

D) A യും R ഉം തെറ്റാണ്

69. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ശ്രദ്ധാപൂർവ്വം വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

a. കട്ടി കൂടിയ ഭിത്തിയും ഉയർന്ന മർദ്ദത്തിൽ ഹൃദയത്തിൽ നിന്നും രക്തം വഹിക്കുന്ന രക്തക്കുഴലുകളുമാണ് ധമനികൾ.

b. ഒറ്റ നിര കോശങ്ങൾ മാത്രമുള്ളതും ഭിത്തിയുള്ളതും കുറഞ്ഞ മർദ്ദത്തിലും കുറഞ്ഞ വേഗത്തിലും രക്തം ഒഴുകുന്നതും ആയ രക്തക്കുഴലുകളാണ് സിരകൾ.

c. കട്ടി കുറഞ്ഞ ഭിത്തിയുള്ളതും വാൽവുകൾ കാണപ്പെടുന്നതും ഹൃദയത്തിലേക്ക് രക്തം വഹിക്കുന്നതുമായ കുഴലുകളാണ് ലോമികകൾ.

d. അവയവങ്ങളിൽ നിന്ന് അവയവങ്ങളിലേക്ക് രക്തത്തെ വഹിക്കുന്ന രക്തക്കുഴലുകളാണ് പോർട്ടൽ സിരകൾ.

A) a യും b യും ശരിയാണ്

B) b യും c യും ശരിയാണ്

C) c യും d യും ശരിയാണ്

D) a യും d യും ശരിയാണ്

70. മനുഷ്യ ശരീരത്തിൽ കാത്സ്യം ആഗിരണം ചെയ്യുന്നതിന് സഹായിക്കുന്ന വിറ്റാമിൻ ഏതാണ് ?

A) വിറ്റാമിൻ B12

B) വിറ്റാമിൻ D

C) വിറ്റാമിൻ E

D) വിറ്റാമിൻ B2

71. പവറിന്റെ SI യൂണിറ്റ് വാട്ട് (Watt) ആണ്. വാഹനങ്ങളുടെയും മോട്ടോറുകളുടെയും പവർ കുതിരശക്തി (HP)യിൽ സൂചിപ്പിക്കാറുണ്ട്. എന്നാൽ ഒരു കുതിരശക്തി = ________ വാട്ട് ആണ്.

A) 546 B) 746 C) 946 D) 476

72. ആൽക്കലൈൻ എർത്ത് ലോഹങ്ങളിൽ അറ്റോമിക മാസ് ഏറ്റവും കൂടുതലുള്ള മൂലകം

A) ബേരിയം (Ba) B) റേഡിയം (Ra)
C) ബെറിലിയം (Be) D) കാൽസ്യം (Ca)

73. ഉൽക്കൃഷ്ട വാതകങ്ങൾ അല്ലാത്ത മൂലകം

A) ക്രിപ്റ്റോൺ B) ആർഗൺ C) സിലിക്കൺ D) നിയോൺ

74. കലാമിൻ ഏതു ലോഹത്തിന്റെ അയിര് ആണ് ?

A) അലുമിനിയം B) കോപ്പർ C) സിങ്ക് D) ഇരുമ്പ്

75. താഴെ കൊടുത്തിരിയ്ക്കുന്നവയിൽ ഏത് ആവൃത്തിയിലുള്ള ശബ്ദമാണ് മനുഷ്യന് കേൾക്കാൻ സാധിക്കുന്നത് ?

A) 5 Hz B) 2000 Hz C) 200 kHz D) 2000 kHz

76. $^{12}C$, $^{13}C$, $^{14}C$ എന്നിവ കാർബണിന്റെ പ്രകൃതിദത്ത ഐസോടോപ്പുകളാണ്. ഇതിൽ സ്ഥിരതയുള്ളതും, ലഭ്യത കൂടിയതുമായ കാർബൺ ഐസോടോപ്പ് ഏതാണ് ?

A) $^{12}C$
B) $^{13}C$
C) $^{14}C$
D) എല്ലാ കാർബൺ ഐസോടോപ്പും ഒരു പോലെ സ്ഥിരതയുള്ളതും ലഭ്യതയും ഉള്ളതാണ്.

77. വസ്തുക്കൾക്ക് സ്ഥാനം മൂലമോ കോൺഫിഗറേഷൻ മൂലമോ ലഭിക്കുന്ന ഊർജ്ജമാണ്

A) സ്ഥിതികോർജ്ജം B) ഗതികോർജ്ജം
C) വൈദ്യുതോർജ്ജം D) താപോർജ്ജം

78. ജലത്തിന്റെ സാന്ദ്രത ഏറ്റവും അധികം ആകുന്ന താപനില

A) 100°C B) 50°C C) 4°C D) 1°C

79. ഇവയിൽ ഏതാണ് പ്രകൃതിദത്ത പോളിമെർ ?

A) പോളിഥീൻ B) സെല്ലുലോസ്
C) നൈലോൺ D) ബേക്കലൈറ്റ്

80. ഖര വസ്തുക്കൾ ചൂടാക്കുമ്പോൾ അവ നേരിട്ട് വാതകമായി മാറുന്ന പ്രക്രിയയാണ്

A) ഉത്പതനം B) ദ്രവീകരണം
C) ബാഷ്പീകരണം D) ഇവയൊന്നുമല്ല

81. 8, 12, 16 എന്നീ സംഖ്യകൾ കൊണ്ട് ഹരിച്ചാൽ 3 ശിഷ്ടം വരുന്ന ഏറ്റവും ചെറിയ സംഖ്യ ഏത് ?

A) 48 B) 51 C) 40 D) 50

82. $2\frac{1}{2}+3\frac{1}{4}-4\frac{1}{5}=$

A) $1\frac{11}{20}$ B) $2\frac{11}{20}$ C) $1\frac{19}{20}$ D) $2\frac{19}{20}$

83. $2\sqrt{2}+3\sqrt{2}-\sqrt{8}=$

A) $2\sqrt{2}$ B) $3\sqrt{2}$ C) $4\sqrt{2}$ D) $\sqrt{2}$

84. ഒരു ക്ലാസിലെ 25 കുട്ടികളുടെ ശരാശരി വയസ്സ് 13. ടീച്ചറുടെ വയസ്സുകൂടി ചേർത്തപ്പോൾ ശരാശരി 14 വയസ്സ് ആയി. എങ്കിൽ ടീച്ചറുടെ വയസ്സ് എത്ര ?

A) 37 B) 38 C) 39 D) 40

85. അടുത്ത പദം ഏത് ?
3, 7, 15, 31, ....

A) 35 B) 60 C) 63 D) 46

86. $16 + 8 \div 2 \times 6 - 20 =$

A) 10 B) 20 C) 30 D) 40

87. ക്ലോക്കിലെ സമയം 3 മണി 20 മിനിറ്റ് ആണെങ്കിൽ സൂചികൾ തമ്മിലുള്ള ഡിഗ്രിയളവ് എത്ര ?

A) 30° B) 10° C) 20° D) 25°

88. $5^{x-1} \times 5^3 \times 5^2 = 3125$ എങ്കിൽ ‘x’ ന്റെ വില

A) 0 B) 1 C) 2 D) 3

89. 60 ആളുകൾ 10 ദിവസം കൊണ്ട് തീർക്കുന്ന ജോലി 6 ദിവസം കൊണ്ട് തീർക്കാൻ എത്ര ആളുകൾ അധികം വേണ്ടിവരും ?

A) 10 B) 20 C) 30 D) 40

90. ഒരു കച്ചവടക്കാരൻ 110 രൂപയ്ക്ക് വാങ്ങിയ ഒരു പുസ്തകം 132 രൂപയ്ക്ക് വിറ്റാൽ ലാഭം എത്ര ശതമാനം ?

A) 10% B) 20% C) 30% D) 25%

91. 1, 1, 2, 3, 5, 8, ... എന്ന ശ്രേണിയുടെ അടുത്ത പദം ഏത് ?

A) 12 B) 13 C) 14 D) 11

92. 3 * 2 = 9, 4 * 3 = 13, 5 * 4 = 17, ആയാൽ 6 * 5 = ?

A) 23 B) 19 C) 22 D) 21

93. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് 3, 6, 11, 18, ... എന്ന ശ്രേണിയിൽ ഉൾപ്പെടാത്തത് ?

A) 51 B) 37 C) 66 D) 38

94. സുരേഷ് 7 കിലോമീറ്റർ കിഴക്കോട്ട് സഞ്ചരിച്ചു. അവിടെ നിന്ന് വലത്തോട്ടുതിരിഞ്ഞ് 4 കിലോമീറ്റർ സഞ്ചരിച്ചു. അതിനുശേഷം വലത്തോട്ടു തിരിഞ്ഞ് 7 കിലോമീറ്റർ കൂടി സഞ്ചരിച്ചു. ഇപ്പോൾ അയാൽ യാത്ര തുടങ്ങിയ സ്ഥലത്തു നിന്നും എവിടെയായിരുക്കും ?

A) 4 കിലോമീറ്റർ തെക്ക് B) 7 കിലോമീറ്റർ പടിഞ്ഞാറ്

C) 4 കിലോമീറ്റർ വടക്ക് D) 7 കിലോമീറ്റർ കിഴക്ക്

95. 7 + 8 ÷ 4 – 2 × 3 + 1 = ?

A) 34 B) 20 C) 4 D) 1

96. 3 വർഷം മുമ്പ് മത്തായിക്ക് മകൻ ജോണിന്റെ വയസ്സിന്റെ 4 മടങ്ങ് പ്രായമുണ്ട്. 2 വർഷം കഴിയുമ്പോൾ മത്തായിയുടെ പ്രായം ജോണിന്റെ പ്രായത്തിന്റെ 3 മടങ്ങാകും. എന്നാൽ ഇപ്പോൾ മത്തായിയുടെ പ്രായം എത്ര ?

A) 40 B) 43 C) 30 D) 37

97. ഒരു ക്ലോക്കിൽ സമയം 4 മണിയാകുമ്പോൾ മിനിട്ടു സൂചിക്കും മണിക്കൂർ സൂചിക്കും ഇടയിലുള്ള കോൺ എത്രയായിരിക്കും ?

A) 150° B) 90° C) 120° D) 240°

98. 3 : 12 = x : 60 ആയാൽ x ന്റെ വില എത്ര ?

A) 240 B) 20 C) 18 D) 15

99. + എന്നത് × നേയും, – എന്നത് + നേയും, ÷ എന്നത് – നേയും, × എന്നത് ÷ നേയും സൂചിപ്പിച്ചാൽ
6 ÷ 3 + 2 – 8 × 4 എത്രയായിരിക്കും ?

A) 2 B) 8 C) –28 D) 9

100. 7, 10, 6, 13, 5, 16, .... എന്ന ശ്രേണിയുടെ 9-ാം പദം എന്ത് ?

A) 2 B) 22 C) 3 D) 25

## Space for Rough Work